"ഭരണഭാഷ മാതൃഭാഷ"

# വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ :ശ്രീമതി : ഹരിത വി കുമാർ IAS)

=====================================================================

ഉത്തരവ് നം.WCD/B3-15365/21 തിരുവനന്തപുരം

തീയതി :24.04.2025

=====================================================================

വിഷയം :- വനിതാ ശിശു വികസന വകുപ്പ്- സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കുമുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP) – നോഡൽ ഓഫീസറെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (ധനകാര്യം) 31.08.2021ലെ എച്ച്. ഐ. 2/9/2021/ധന നം. കത്ത്.

2. 04.10.2021 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ (Medisep) നോഡൽ ഓഫീസറായി ശ്രീ അജിത് കുമാർ ബി.എൽ, സീനിയർ സൂപ്രണ്ടിനെ പരാമർശം (2) പ്രകാരം നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ശ്രീ അജിത് കുമാർ ബി.എൽ 31.03.2025 ന് സേവനത്തിൽ നിന്ന് വിരമിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ (Medisep) വനിതാ ശിശു വികസന വകുപ്പിനു കീഴിലെ ഗുണഭോക്താക്കളുടെ വിവരശേഖരണവും തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതുമായി ബന്ധപെട്ട് മെഡിസെപ്പിന്റെ നോഡൽ ഓഫീസറായി ഈ കാര്യാലയത്തിലെ ബിൽ സെക്ഷൻ സീനിയർ സൂപ്രണ്ടായ ശ്രീ. പ്രദീപ് പി യെ (പെൻ നം. 211777) നോഡൽ ഓഫീസറായി നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
വനിതാ ശിശു വികസന ഡയറക്ടർ

ശ്രീ.പ്രദീപ് പി .
സീനിയർ സൂപ്രണ്ട്, വനിതാ ശിശു വികസന ഡയറക്ടറേറ്റ്

പകർപ്പ്

1. അഡീഷണൽ ചീഫ് സെക്രട്ടറി (മെഡിസെപ്പ്) ,ധനകാര്യ വകുപ്പ് (ആമുഖ കത്ത് സഹിതം)
2. സെക്ഷൻ/സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്